**പതിനാലാം കേരള നിയമസഭ**
**ഇരുപത്തി രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 953**

**14-01-2021 ലെ മറുപടി**

**ഇറിഗേഷൻ സ്ലൂക്ച്ചറുകളുടെ അറ്റകുറ്റപ്പണി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ . വി .എസ്. ശിവകുമാർ** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പമന്ത്രി)** |
| (എ) | സംസ്ഥാനത്തെ ജലസേചനത്തിനായി സ്ഥാപിച്ച പല പദ്ധതികളും കാലാകാലങ്ങളിൽ യന്ത്ര തകരാർ പരിഹരിക്കാത്തത് മൂലം നാശോന്മുഖമായ അവസ്ഥയിലാണോ; എങ്കിൽ അവ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ; | (എ) | ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 കാര്യാലയത്തിനു കീഴിലുള്ള കല്ലട ജലസേചന പദ്ധതിയിൽ ഉൾപ്പെട്ട പരവൂർ ഡിസ്ട്രിബ്യൂട്ടറിയിൽ പ്രവർത്തന രഹിതമായ ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പണി പൂർത്തീകരിക്കുന്നതിനായി 13.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിക്കുന്നു.<br>തൃശ്ശൂർ ഇറിഗേഷൻ ഡിവിഷനു കീഴിൽ കോൾ നിലങ്ങളിൽ ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ RKI പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 കാര്യാലയത്തിന് കീഴിൽ ചമ്രവട്ടം ഡിവിഷനിൽ ഉൾപ്പെടുന്ന വെള്ളിയാങ്കല്ല് റെഗുലേറ്ററിന്റെ ഷട്ടറുകൾക്ക് മെക്കാനിക്കൽ, ഇലക്ട്രിക്കൽ അറ്റകുറ്റപണികൾ ആവശ്യമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.<br>പഴശ്ശി ബാരേജിലെ ഷട്ടറുകളുടെ പ്രവൃത്തിയും കുറ്റ്യാടി ജലസേചനപദ്ധതിയുടെ പെരുവണ്ണാമൂഴി ഡാം ഷട്ടറുകളുടെ മെയിന്റനൻസ് പ്രവൃത്തികളും DPR ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്.<br>ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. കാര്യാലയത്തിനു കീഴിൽ പീച്ചി ജലസേചന പദ്ധതിയുടെ വലതുകര കനാൽ വാൽവിന് 21/09/2020 ന് തകരാർ സംഭവിച്ചിരുന്നു. അത് താത്ക്കാലികമായി പരിഹരിച്ച് ജലവിതരണം നടത്തി വരുന്നുണ്ട്. സ്ഥിര സംവിധാനത്തിനുള്ള നടപടികൾ സ്വീകരിച്ച വരുന്നുണ്ട്.<br>കുട്ടനാട് പാക്കേജിനു കീഴിലുള്ള കുട്ടനാട് ഡെവലപ്മെന്റ് സർക്കിൾ, ചെങ്ങന്നൂരിന്റെ പരിധിയിലുള്ള ചില ലിഫ്റ്റ് ഇറിഗേഷൻ സ്റ്റേഷനുകളിലെ മോട്ടോറുകൾക്ക് തകരാറുകൾ സംഭവിച്ചിട്ടുണ്ടായിരുന്നു. ഇവ പരിഹരിച്ച് ഈ സീസണിൽ ജലവിതരണം നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | 2018 ലും 2019 ലും ഉണ്ടായ പ്രളയത്തിൽ തകർന്ന ഇറിഗേഷൻ സ്ലൂക്ച്ചറുകളുടെ അറ്റകുറ്റപ്പണിക്ക് ഭരണാനുമതി നൽകി നാളുകൾ കഴിഞ്ഞിട്ടും പല പദ്ധതികളും ഇനിയും ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ എത്ര പ്രവർത്തികൾ; വ്യക്തമാക്കാമോ; | (ബി) | ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 കാര്യാലയത്തിനു കീഴിൽ ഭരണാനുമതി ലഭിച്ച പ്രവർത്തികൾ സമയബന്ധിതമായി നടപ്പാക്കിവരുന്നു.<br>കല്ലട ജലസേചന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച RKI KIP(RBO മെയിൻ കനാൽ Earth Slippage at ch.17000 മീ. എന്ന പ്രവൃത്തിയുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ നടന്നുവരുന്നു. ആയത് പൂർത്തീകരിച്ചതിനുശേഷമേ തുടർ പ്രവർത്തികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.<br>മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച 40 പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.<br>പമ്പ ഇറിഗേഷൻ പ്രോജക്റ്റിൽ ഉൾപ്പെട്ട കാർത്തികപ്പള്ളി ഡിസ്ട്രിബ്യൂട്ടറിയുടെ പുനരുദ്ധാരണ പ്രവൃത്തി നടപ്പാക്കുന്ന ഭാഗത്ത് അതിർത്തി തർക്കം നിലനിൽക്കുന്നതിനാൽ അതിർത്തി നിർണ്ണയിക്കുന്നതിന് റവന്യൂ അധികൃതരെ അറിയിച്ചെങ്കിലും അതിർത്തി നിർണ്ണയിച്ചു ലഭിക്കാത്തതിനാൽ പണി ഇതുവരെയായി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.<br>പഴശ്ശി ജലസേചനപദ്ധതിക്കു കീഴിൽ 93 പ്രവൃത്തികളിൽ 43 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.<br>കാരാപ്പുഴ ജലസേചനപദ്ധതിയുടെ കീഴിൽ 7 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2 പ്രവൃത്തികളുടെ റീ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. 2019 ലെ പ്രളയത്തിൽ തകർന്ന 2 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.<br>ഇറിഗേഷൻ ഡിവിഷൻ, ചിറ്റൂരിന് കിഴിൽ 41 പ്രവൃത്തികൾക്ക് റീ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br>അട്ടപ്പാടി വാലി ജലസേചന പദ്ധതിക്കുകീഴിൽ ഉൾപ്പെടുന്ന തകർന്നുപോയ ഗൂളിക്കടവ് -ചിറ്റൂർ റോഡിന്റെ പ്രവൃത്തി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) യിൽ ഉൾപ്പെടുത്തി പുരോഗിച്ചുവരുന്നു.<br>ഇറിഗേഷൻ ഡിവിഷൻ, മലമ്പുഴക്ക് കീഴിലുള്ള പ്രവൃത്തികൾ മിക്കവാറും പൂർത്തീകരിച്ചിട്ടുണ്ട്.ബാക്കി പ്രവൃത്തികൾ 2021 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതാണ്.<br>2018 ലെ പ്രളയത്തിൽ പീച്ചി ഇടതുകര കനാൽ 19/600 കി. മീറ്റർ ഭാഗത്ത് തകർന്നുപോയിരുന്നു. ഇത് താത്ക്കാലികമായി പരിഹരിച്ച് 3 വർഷമായി ജലവിതരണം നടത്തി വരുന്നു. ഇതിനായി സ്ഥിര സംവിധാനമായ അക്വഡക്റ്റ് സ്ഥാപിക്കുന്നതിന് റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി 03/03/2020 ന് ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവർത്തി ടെണ്ടർ ചെയ്ത് 08/12/2020 ന് എഗ്രിമെന്റ് വെച്ച് 17/12/2020 ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ചെയ്തു. പ്രവർത്തി പുരോഗമിച്ച് വരുന്നു. കൂടാതെ പീച്ചി പദ്ധതിയിൽ പ്രളയ കെടുതിയിൽ നാശനഷ്ടം സംഭവിച്ച ഭാഗങ്ങൾ പുതുക്കിപണിയാൻ SDRF ൽ ഉൾപ്പെടുത്തി 1267.37 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയുടെ 122 പദ്ധതികൾ തയ്യാറാക്കി നടന്നു വരുന്നു. അതിൽ 886.522 ലക്ഷം രൂപയുടെ 97 പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. |
| (സി) | ഭരണാനുമതി ലഭിച്ച പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ജലസേചന വകുപ്പിനു കീഴിൽ 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ തകർന്ന ഇറിഗേഷൻ നിർമ്മിതികളുടെ അറകുറ്റപ്പണികൾക്കായി അംഗീകാരം നൽകിയ പ്രവർത്തികൾ വിവിധ നിർവഹണ ഘട്ടങ്ങളിലാണ്. അവയുൾപ്പെടെ ജലസേചന വകുപ്പിലെ എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ